**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 962** | **30-06-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിശല്യം ദൂരീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം കർഷർക്ക് ഗുണപ്രദമായോ എന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കൃഷി നാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് 28.05.2022-ലെ സ.ഉ.(കൈ) നം. 29/2022/വനം, 31.05.2022-ലെ സ.ഉ.(സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ട് ഒരു മാസത്തിൽ താഴെ മാത്രമേ സമയം ആയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ആയത് കർഷകർക്ക് ഗുണപ്രദമായോ എന്നത് വിശകലനം ചെയ്യുന്നതിന് പരിമിതികളുണ്ട്. |
| (ബി) | കാട്ടുപന്നിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 62-ാം വകുപ്പ് പ്രകാരമുള്ള അഞ്ചാം പട്ടികയിൽ ക്ഷുദ്രജീവി ഗണത്തിൽ കാട്ടുപന്നിയെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരുമായി ആലോചനകൾ നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ഷെഡ്യൂൾ III ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01.11.2020 തീയതിയിൽ ഡി2/126/2020/വനം സർക്കാർ കത്ത് നമ്പർ പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം. 8-31/2020-ഡബ്ലിയു.എൽ, തീയതി 10.12.2020-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൻറെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തു വന്നിരുന്നുവെങ്കിലും, കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ |

| | | | |
|---|---|---|---|
| | | | ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് 17.06.2021-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് ബഹു. വനം വകുപ്പ മന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിന് ശേഷം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 09-12-2021-ൽ സംസ്ഥാന സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് 08.02.2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിന്റെ 06.02.2021-ലെ F.No. 8-60/20 WL (Part I) അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളുവാനും ആവശ്യപ്പെട്ടുകൊണ്ട് 08.02.2022-ലെ സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രസർക്കാർ മടക്കി നൽകിയിട്ടുള്ളതാണ്. |
| (സി) | കാട്ടുപന്നിയെ ക്ഷുദ്രജീവി ഗണത്തിൽ ഉൾപ്പെടുത്തി പ്രസ്തുത നിയമം ഭേദഗതി ചെയ്യുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കൃഷി നാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫലപ്രാപ്തി വിശദമായി വിശകലനം ചെയ്തതിന് ശേഷം ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നാട്ടിലെ കൃഷിയിടങ്ങളിലേക്ക് കാട്ടുപന്നികളുടെ വരവ് തടയുന്നതിനായി ജനവാസ മേഖലകളുടെ സമീപത്തുള്ള വനാതിർത്തി പ്രദേശങ്ങളിൽ കാട് വെട്ടിത്തെളിച്ച് വനം വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുവാൻ നടപടി സ്വീകരിക്കാമോ? | (ഡി) | ജനവാസ മേഖലകളുടെ സമീപത്തുള്ള വനാതിർത്തി പ്രദേശങ്ങളിൽ വനത്തിനുള്ളിലെ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നത് നിലവിലെ വനനിയമങ്ങൾ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ